ക്യാൻസർ രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടി

8 (*67) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്യാൻസർ രോഗികളുടെ സംഖ്യ വർദ്ധിച്ചു വരുന്നതായുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ നല്കുമോ ;

(ബി) ക്യാൻസർ രോഗികളുടെ എണ്ണത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയ ജില്ലകൾ ഏതെല്ലാമാണ് ;

(സി) ക്യാൻസർ രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന് ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം സൗകര്യങ്ങളാണ് ഇതിനകം ഏർപ്പെടുത്തിയിട്ടുള്ളത് ;

(ഡി) സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന രോഗികൾക്ക് അവരുടെ ചികിത്സാ ചെലവുകൾ വഹിക്കുന്നതിന് നിലവിൽ നല്കിവരുന്ന സഹായങ്ങൾ എന്തെല്ലാമാണ് ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ&ബി) ഉണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നും ക്യാൻസർ സംബന്ധമായ ചികിത്സ തേടിയെത്തുന്ന രോഗികളുടെ എണ്ണം വർഷം തോറും വർദ്ധിച്ചു വരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ക്യാൻസർ രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന് ഈ സർക്കാരിന്റെ കാലത്ത് നിരവധി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു :

(i) കാരുണ്യ ബനവലന്റ് ഫണ്ട് : ഈ പദ്ധതി പ്രകാരം വാർഷിക വരുമാനം മൂന്നു ലക്ഷം രൂപ വരെ ഉള്ളവർക്ക് രണ്ടുലക്ഷം രൂപ വരെയുള്ള ചികിത്സാസഹായം അനുവദിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ii) സുകൃതം പദ്ധതി : 1-11-2014 മുതൽ നടപ്പിലാക്കിയ സുകൃതം പദ്ധതി പ്രകാരം B.P.L. വിഭാഗത്തിൽപ്പെടുന്ന ക്യാൻസർ രോഗികൾക്ക് 3 ലക്ഷം രൂപ വരെയുള്ള സൗജന്യ ചികിത്സാ സഹായം സർക്കാർ നൽകുന്നു. കൂടാതെ ആർ.സി.സി.-യെ ടേർഷ്യറി ക്യാൻസർ കെയർ പദ്ധതിയുടെ കീഴിൽ ഒരു സംസ്ഥാന ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൻ കീഴിൽ കേന്ദ്ര സഹായമായി 120 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതുപ്രകാരം പുതിയ യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും അതുവഴി രോഗ നിർണ്ണയം വേഗത്തിലാക്കുവാനും ചികിത്സയ്ക്കുള്ള ഗുണനിലവാരം ഉയർത്തുന്നതിനും സാധിക്കും. കൂടാതെ ജില്ലാ തലത്തിൽ ഡോക്ടർമാർക്കും, നഴ്സുമാർക്കും ക്യാൻസർ രോഗ നിർണ്ണയവും തുടർ പരിശോധനകൾക്കും, സാന്ത്വന പരിചരണത്തിനുമുള്ള പരിശീലനവും നൽകി വരുന്നു. ആർ.സി.സി.-യിൽ 3D Conformal Radiotherapy, IMRT, IGRT, SRS, SRT എന്നീ അത്യന്താധുനിക ചികിത്സാ രീതികളും ഇത്തരം ചികിത്സ നൽകുന്നതിനു ടെലിതെറാപ്പി മെഷീനുകളായ ലീനിയർ ആക്സിലറേറ്ററുകൾ എന്നീ സൗകര്യങ്ങൾ തിരുവനന്തപുരം, തൃശ്ശൂർ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ Minimal Invasive Surgery, Limb Salvage Surgery, Sentinel limb node biopsy, Laser for Microlaryngeal Surgery എന്നീ നൂതന ശസ്ത്രക്രിയാ സൗകര്യവും ആർ.സി.സി.-യിലും, എം.സി.സി.യിലും ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികൾക്ക് ചികിത്സാ ചെലവിനായി സർക്കാരിന്റെ വിവിധ ക്ഷേമ പദ്ധതികൾ നിലവിലുണ്ട്. വാർഷിക വരുമാനം 3 ലക്ഷം രൂപ വരെ ഉള്ളവർക്കായി രണ്ടു ലക്ഷം രൂപ വരെയുള്ള ചികിത്സാ സഹായം അനുവദിക്കുന്ന കാരുണ്യ ബനവലന്റ് ഫണ്ട്, ആരോഗ്യ സുരക്ഷാ കാർഡിൽ പേരുള്ളവർക്ക് പ്രതിവർഷം 70,000 രൂപ വരെയുള്ള ചികിത്സാ സഹായം Chiss+ പദ്ധതി പ്രകാരം നൽകി വരുന്നു. (Comprehensive Health Care Scheme). പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർക്ക് പൂർണ്ണമായും സൗജന്യ ചികിത്സ, മെഡിക്കൽ അസിസ്റ്റന്റ് ടു ദി പൂവർ പദ്ധതി പ്രകാരം കേരള ആരോഗ്യ വകുപ്പിൽ നിന്നും 20,000 രൂപ വരെയുള്ള സാമ്പത്തിക സഹായം,

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിയുടെയും പ്രധാനമന്ത്രിയുടെയും ദുരിതാശ്വാസ ഫണ്ടിൽ നിന്നും അനുവദിക്കുന്ന സാമ്പത്തിക സഹായം കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽ നിന്നും അനുവദിക്കുന്ന സഹായം- രാഷ്ട്രീയ ആരോഗ്യനിധി (RAN) ക്യാൻസർ രോഗികൾക്ക് പ്രതിമാസം 1000 രൂപ അനുവദിക്കുന്ന പെൻഷൻ സ്കീം, Endosulphan ബാധിതർക്കുള്ള സൗജന്യ ചികിത്സാ പദ്ധതി, കൂടാതെ 1-11-2014 മുതൽ B.P.L.-ൽ പെടുന്ന പാവപ്പെട്ട ക്യാൻസർ രോഗികൾക്ക് മൂന്നു ലക്ഷം രൂപ വരെയുള്ള സൗജന്യ ചികിത്സ അനുവദിക്കുന്ന സുകൃതം പദ്ധതി എന്നിവ സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. പതിനെട്ടു വയസിനു താഴെയുള്ള കുട്ടികൾക്ക് ക്യാൻസർ ചികിത്സയ്ക്ക് സമാനമായ ചികിത്സ ആവശ്യമായി വരുന്ന സാഹചര്യത്തിൽ 50,000 രൂപ വരെ ചികിത്സാ സഹായം അനുവദിക്കുന്ന താലോലം പദ്ധതി, പതിനെട്ടു വയസിനു താഴെയുള്ള കേരളത്തിൽ നിന്നുമുള്ള കുട്ടികൾക്ക് ക്യാൻസർ രോഗനിർണ്ണയം നടത്തിക്കഴിഞ്ഞാൽ കുട്ടിയുടെ ചികിത്സ പൂർണ്ണമായും സൗജന്യമായി നൽകുന്ന ക്യാൻസർ സുരക്ഷാ പദ്ധതി എന്നിവ നിലവിലുള്ള സഹായങ്ങളാണ്.

എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ

9 (*68) ശ്രീ. വർക്കല കഹാർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. റ്റി. ബൽറാം:
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കാൻ എന്തെല്ലാം അവസരങ്ങളാണ് നിലവിലുള്ളത്; വിശദമാക്കുമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ സീനിയോറിറ്റി നഷ്ടപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അവരുടെ സീനിയോറിറ്റി നിലനിർത്തി രജിസ്ട്രേഷൻ പുതുക്കാൻ അനുമതി നൽകിയിട്ടുണ്ടോ ;

(സി) ഏത് കാലയളവിലെ രജിസ്ട്രേഷനുകൾക്കാണ് പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുന്നത് ;

(ഡി) പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly